(സി) വൈദ്യുതി നിരക്ക് മാനദണ്ഡങ്ങൾക്ക് എപ്പോൾ അന്തിമ രൂപം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ കരട് താരിഫ് നിർണ്ണയ ചട്ടങ്ങളിന്മേൽ ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും തങ്ങളുടെ അഭിപ്രായം അറിയിക്കുന്നതിന് ഒരുമാസത്തെ സമയം അനുവദിച്ചിരുന്നു. ഇതെല്ലാം പരിഗണിച്ച് അന്തിമ ചട്ടങ്ങൾ ഉടൻ തന്നെ പുറപ്പെടുവിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ വൈദ്യുതിവികസന പ്രവർത്തനങ്ങൾ**

236 (621) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016 മുതൽ 2021 നാളിതുവരെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിനുകീഴിൽ 55.68 കി.മീ. എച്ച്.ടി. ലൈൻ നിർമ്മാണം, 67.74 കി.മീ. പുതിയ എൽ.ടി. ലൈൻ നിർമ്മാണം, 15 കി.മീ. എച്ച്.ടി. റീ-കണ്ടക്ടറിംഗ്, 547 കി.മീ. എൽ.ടി. റീ കണ്ടക്ടറിംഗ്, 6.225 കി.മീ. എച്ച്.ടി./എൽ.ടി. എ.ബി.സി. ലൈൻ നിർമ്മാണം, 53 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 43 കി.മീ. എൽ.ടി. ലൈൻ കൺവേർഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂർ 33 കെ.വി. സബ്സ്റ്റേഷനിൽ മൂന്നാമത്തെ 5 MVA, 33/11 KV ട്രാൻസ്ഫോർമർ സ്ഥാപിച്ചു. 110 കെ.വി. അത്താണി സബ്സ്റ്റേഷനിൽ രണ്ടാമത്തെ 110/33 KV, 16 MVA ട്രാൻസ്ഫോർമറും സ്ഥാപിച്ചു.

(ബി) 2021-22 കാലയളവിൽ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടി രിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2021-22-ൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 12 കി.മീ.പുതിയ എൽ.ടി. ലൈൻ നിർമ്മാണം, 106 കി.മീ. എൽ.ടി. റീ-കണ്ടക്ടറിംഗ്, 37 കി.മീ. എച്ച്.ടി./എൽ.ടി. എ.ബി.സി ലൈൻ നിർമ്മാണം, 14 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 40 കി.മീ. എൽ.ടി. ലൈൻ കൺവർഷൻ, നിലാവ് പദ്ധതി പ്രകാരം 3537 എണ്ണം തെരുവു വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്ന പദ്ധതി - എന്നീ പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വടക്കാഞ്ചേരി 110 കെ.വി. സബ്സ്റ്റേഷനിൽ 2021-22 ൽ ഒരു ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly